**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 504** **13-08-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമി സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ജൈവവൈവിധ്യങ്ങളുടെ കലവറയായ സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ വനാതിർത്തികളിൽ ജണ്ട കെട്ടി സംരക്ഷിക്കൽ പ്രവർത്തികൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വന മേഖലയിൽ ശക്തമായ പട്രോളിംഗ് നടത്തി വരുന്നുണ്ട്. വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്ത വനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വനപരിപാലനത്തിനും, വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും, അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജല സംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും, പുൽമേട്ടുകൾ സംരക്ഷിച്ചും ജൈവ വൈവിധ്യസംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും, വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും, ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തി വരുന്നുണ്ട്. |
| (ബി) | വനഭൂമിയിൽ അവകാശമുന്നയിച്ച് വ്യക്തികൾ കോടതി വ്യവഹാരങ്ങളിലേക്ക് നീങ്ങുന്ന പ്രവണത | (ബി) | വനഭൂമിയിൽ അവകാശമുന്നയിച്ച് ചില വ്യക്തികൾ കോടതി വ്യവഹാരങ്ങളിലേയ്ക്ക് നീങ്ങുന്നതായി |

| | | | |
|---|---|---|---|
| | വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | കാണുന്നുണ്ട്. |
| (സി) | എങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയം പൂർത്തിയാക്കി ജണ്ടകൾ നിർമ്മിച്ച് സംര ക്ഷിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതി വ്യവഹാരങ്ങളിൽ വസ്തുതകളും നിയമവശങ്ങളും കോടതിയുടെ മുമ്പാകെ ബോധ്യപ്പെടുത്തി അനുകൂല വിധികൾ സമ്പാദിക്കുന്നതിന് നടപടികൾ എടുത്തു വരുന്നുണ്ട്. പുതുതായിട്ടുള്ള കയ്യേറ്റ ശ്രമങ്ങൾ തടഞ്ഞ് ഒഴിവാക്കി വരുന്നുണ്ട്. ആയതിന്മേൽ കർശന നിയമനടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ